**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4717** **10-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് പ്രത്യേക സാമ്പത്തിക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 വ്യാപനം മൂലം സംസ്ഥാനം ലോക്ഡൗണിലേക്ക് പോയ സാഹചര്യത്തിൽ സാമ്പത്തികമായി ദുരിതമനുഭവിക്കുന്ന ക്ഷീര കർഷകരെ സഹായിക്കുന്നതിന് പ്രത്യേക സാമ്പത്തിക പാക്കേജോ ആനുകൂല്യങ്ങളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കോവിഡ് വ്യാപനം മൂലം ലോക്ക്ഡൗൺ ഏർപ്പെടുത്തിയ സാഹചര്യത്തിൽ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിക്കാൻ മിൽമയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്കായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും, സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 3 രൂപ ക്രമത്തിൽ ഇൻസെന്റീവും, പച്ചപ്പുൽ വൈക്കോൽ എന്നിവ സംഭരിച്ച് കുറഞ്ഞ വിലയിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ നിന്നും കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000/- രൂപയും, കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000/- രൂപയും, കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും നൽകി. (കുറഞ്ഞത് 250/- രൂപ, പരമാവധി 1,000/- രൂപ) . |

സെക്ഷൻ ഓഫീസർ